(ഡി) കേരളത്തിൽ 2001 മേയ് 17-നു ശേഷം നാളിതുവരെ 23 ചന്ദനഫാക്ടറികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 2001-ൽ പന്ത്രണ്ട് ഫാക്ടറികൾക്കും 2002-ൽ പത്ത് ഫാക്ടറികൾക്കും 2003-ൽ ഒൻപത് ഫാക്ടറികൾക്കും 31-3-2004 വരെ അഞ്ച് ഫാക്ടറികൾക്കും ലൈസൻസുണ്ട്.

(ഇ) അനധികൃത ചന്ദനഫാക്ടറികൾ പ്രവർത്തിക്കുന്നത് തടയുന്നതിനായി ഇടവിട്ട് റെയ്ഡ് നടത്തുകയും സാമഗ്രികൾ പിടിച്ചെടുക്കുകയും ഫാക്ടറി സീൽ ചെയ്തും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എല്ലാ അനധികൃത ചന്ദന ഫാക്ടറികളും അടച്ചുപൂട്ടാൻ 9-2-2005-ലെ ജി. ഒ. (എം.എസ്.) 17/05/വനം പ്രകാരം ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും വനംവകുപ്പുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ചന്ദനമാഫിയാ ആക്രമണം

103 [T 1821] ശ്രീ. ഡി. സുഗതൻ :

ശ്രീമതി മേഴ്സി രവി :

ശ്രീ. കെ. സി. ജോസഫ് :

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഇതുവരെ ചന്ദനമാഫിയ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ എത്ര പ്രാവശ്യം ആക്രമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) എവിടെയെല്ലാം വച്ചാണ് പ്രസ്തുത ആക്രമണം നടത്തിയത് ;

(സി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ചന്ദനമാഫിയ നാലുപ്രാവശ്യം ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ആക്രമിച്ചിട്ടുണ്ട്.

(ബി) മറയൂർ റെയിഞ്ചിൽ മൂന്നു പ്രാവശ്യവും മണ്ണാർക്കാട് ഡിവിഷനിൽ ഒരു പ്രാവശ്യവുമാണ് ആക്രമണം ഉണ്ടായത്. ആക്രമണം നടന്ന സ്ഥലങ്ങൾ താഴെപ്പറയുന്നു:

1. മറയൂർ.
2. പള്ളനാട്, മറയൂർ.
3. മൂന്നാർ ടൗൺ.
4. മണ്ണാർക്കാട്.

(സി) നാലുകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly